©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10 Vol. X | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2021 ഫെബ്രുവരി 23 23rd February 2021 / 1196 കുംഭം 11 11th Kumbham 1196 / 1942 ഫാൽഗുനം 4 4th Phalguna 1942 | നമ്പർ No. | 8 |

## PART III

# Health Services Department

ലേല/ദർഘാസ് പരസ്യം

നമ്പർ എ3-7468/2020. 2021 ജനുവരി 4.

കോഴിക്കോട് ഗവ. ജനറൽ ആശുപത്രിയോട് അനുബന്ധിച്ചുള്ള സ്റ്റാഫ് കാന്റീൻ 1-4-2021 മുതൽ 31-3-2022 വരെയുള്ള ഒരു വർഷക്കാലം നടത്തുന്നതിനുള്ള അവകാശത്തിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. കൂടാതെ ഇത് സംബന്ധിച്ച് ടെണ്ടറിൽ പങ്കെടുത്തവർക്ക് പരസ്യ ലേലവും ഉണ്ടായിരിക്കുന്നതാണ്.

1. സ്റ്റാഫ് കാന്റീൻ പ്രവർത്തിപ്പിക്കേണ്ടത് ഇതിനായി പ്രത്യേകം നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിലായിരിക്കണം.

2. ടെണ്ടർ ഫോറത്തിന്റെ വില 0210-വൈദ്യ സഹായവും പൊതുജനാരോഗ്യവും-01-ജനറൽ 800 മറ്റു വരവുകൾ-98 പലവക എന്ന ശീർഷകത്തിലും 12% ജി.എസ്.റ്റി. 32AAAGS3328G1ZK എന്ന ശീർഷകത്തിലും ട്രഷറിയിൽ അടച്ച ചെലാൻ രശീതിയും ടെണ്ടർ ഫോറത്തിനുള്ള അപേക്ഷയും ഹാജരാക്കുന്നവർക്ക് ദർഘാസ് ഫോറങ്ങൾ നൽകുന്നതാണ്.

3. ടെണ്ടർ ഫോറത്തിന്റെ വില അസ്സലിന് ₹ 2,000 +ജി.എസ്.ടി. 12%, പകർപ്പിന് ₹ 1,000 + ജി.എസ്.ടി. 12% ആയിരിക്കും.

4. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി ₹ 19,200 (തിരിച്ചു നൽകുന്നത്) കോഴിക്കോട് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്, കോഴിക്കോട് ഗവ. ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ എടുത്ത് ടെണ്ടറിനൊപ്പം അടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ ഫോറവും ഡിമാന്റ് ഡ്രാഫ്റ്റും സമർപ്പിച്ചവരെ മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

5. ടെണ്ടർ ഫോറം ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം ₹ 1,00,000-ൽ കുറയാത്ത അസ്സൽ സോൾവൻസി സർട്ടിഫിക്കറ്റ് അപേക്ഷകന്റെ പേരിൽ ബന്ധപ്പെട്ട തഹശീൽദാരിൽ നിന്നും 1-12-2020-നുശേഷം ലഭിച്ചത്, കുടിക്കട സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തവർക്ക് ടെണ്ടർ ഫോറം യാതൊരുകാരണവശാലും നൽകുന്നതല്ല.

6. ടെണ്ടർ ഫോറം 15-2-2021 മുതൽ 25-2-2021-ന് വൈകുന്നേരം 3 മണിവരെ ആശുപത്രി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

7. പൂർണ്ണരൂപത്തിലുള്ള ടെണ്ടർ ഫോറം 26-2-2021 ഉച്ചയ്ക്ക് 1 മണിവരെ സ്വീകരിക്കുന്നതും 27-2-2021-ന് ഉച്ചയ്ക്ക് 2 മണിക്ക് ലേലം നടത്തുകയും അതിനു ശേഷം ടെണ്ടറുകൾ കരാറുകാരുടെയോ അവരുടെ അധികാരപ്പെടുത്തിയ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ലേല തുകയോ ടെണ്ടർ തുകയോ ഏതാണ് കൂടുതൽ എങ്കിൽ അത് താൽക്കാലികമായി സ്ഥിരീകരിക്കുന്നതും ആയതിന്റെ അവസാന തീരുമാനം ആശുപത്രി വികസന സമിതിയുടെ ചെയർമാന്റെ അംഗീകാരത്തിന് വിധേയമായി പുറപ്പെടുവിക്കുന്നതുമായിരിക്കും.

8. 26-2-2021-ന് ഉച്ചയ്ക്ക് 1 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

9. ടെണ്ടർ ഫോറത്തിൽ 1-4-2021 മുതൽ 31-3-2022 വരെയുള്ള കാലയളവിൽ പ്രതിമാസം.......രൂപ നൽകിക്കൊണ്ട് കോഴിക്കോട് ഗവ. ജനറൽ ആശുപത്രിയോടനുബന്ധിച്ചുള്ള സ്റ്റാഫ് കാന്റീൻ നടത്തുവാൻ തയ്യാറാണെന്ന് പേരും പൂർണ്ണമേൽവിലാസവും വച്ച് വ്യക്തമായി എഴുതി ഒപ്പിട്ടിരിക്കണം.

10. ലേലത്തുക/ടെണ്ടർ തുക എന്നിവയ്ക്ക് പുറമെ സ്റ്റാഫ് കാന്റീൻ കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന കെട്ടിട വാടക, കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയും അതാത് മാസം 4-ാം പ്രവൃത്തി ദിവസത്തിനുള്ളിൽ തന്നെ ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

11. ടെണ്ടർ അടക്കം ചെയ്ത കവറിന് പുറത്ത് ''2021-22 വർഷത്തെ ആശുപത്രി കാന്റീൻ നടത്തിപ്പിനുള്ള ടെണ്ടർ നമ്പർ എ3/7468/2020 തീയതി 4-1-2021 എന്ന് വ്യക്തമായി എഴുതി ടെണ്ടർ നൽകുന്ന ആളിന്റെ/സ്ഥാപനത്തിന്റെ പേരും മേൽവിലാസവും കവറിന്റെ ഇടത് ഭാഗത്ത് രേഖപ്പെടുത്തി ''സൂപ്രണ്ട്, ഗവ. ജനറൽ ആശുപത്രി, കോഴിക്കോട്-673 032'' എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

12. ടെണ്ടറിനോടൊപ്പം ₹ 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി എഴുതി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

കോഴിക്കോട് ഗവ. ജനറൽ ആശുപത്രിയോടനുബന്ധിച്ചുള്ള സ്റ്റാഫ് കാന്റീൻ നടത്തുന്നതിനുള്ള ടെണ്ടർ/ലേലം എന്റെ പേർക്ക് സ്ഥിരപ്പെടുത്തുക ആണെങ്കിൽ സൂപ്രണ്ട് നിശ്ചയിക്കുന്ന എല്ലാ നിബന്ധനകളും, ഞാൻ നിരുപാധികം പാലിക്കുന്നതാണ്. എന്റെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും വീഴ്ച കാരണം സർക്കാരിന് ഉണ്ടായേക്കാവുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഞാൻ ഉത്തരവാദിയായിരിക്കുകയും വല്ല സാമ്പത്തിക നഷ്ടവും ഉണ്ടാവുകയാണെങ്കിൽ ആയത് തിരിച്ചടയ്ക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണെന്നും തികയാതെ വന്നാൽ എന്റെയും കുടുംബത്തിന്റെയും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ആയത് വസൂലാക്കാൻ എനിക്ക് സമ്മതവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ടെണ്ടർ ഉറപ്പിച്ച് പ്രവർത്തനം തുടരാതെയോ ഇടയ്ക്കുവച്ച് നിർത്തുകയോ ചെയ്യുമ്പോൾ ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തിന് ഞാൻ സർക്കാരിനോട് കടപ്പെട്ടവനാണെന്നും ആയത് എന്നിൽ നിന്ന് ഈടാക്കുമെന്നും എനിക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്.

(ഒപ്പ്)
(പേരും പൂർണ്ണ മേൽവിലാസവും)

സാക്ഷികൾ : (1) ഒപ്പ്
പേര്
പൂർണ്ണ മേൽവിലാസം

(2) ഒപ്പ്
പേര്
പൂർണ്ണ മേൽവിലാസം

13. സ്റ്റാഫ് കാന്റീനിൽ നിന്ന് ആശുപത്രി ജീവനക്കാർ, പരിശീലനം നേടുന്ന വിദ്യാർത്ഥികൾ, ട്രെയിനിംഗിന് വരുന്ന ആരോഗ്യ വകുപ്പ് ജീവനക്കാർ, ആശുപത്രി കരാർ ജീവനക്കാർ, ആശുപത്രി വികസന സൊസൈറ്റി ജീവനക്കാർ, സൂപ്രണ്ട് നിയമിക്കുന്ന താൽക്കാലിക ജീവനക്കാർ എന്നിവർക്ക് സൂപ്രണ്ട് നിശ്ചയിക്കുന്ന സഹായ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ നല്കുവാൻ കാന്റീൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ടെണ്ടറിന്റെ കാലയളവിൽ യാതൊരു കാരണവശാലും ഈ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതല്ല.

14. സ്റ്റാഫ് കാന്റീൻ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, ഫർണിച്ചറുകൾ മുതലായ എല്ലാ സാധനങ്ങളും കരാറുകാരൻ സ്വന്തം നിലയ്ക്ക് ഏർപ്പാടാക്കേണ്ടതാണ്. ആശുപത്രി ജീവനക്കാർക്ക് പ്രത്യേകമായുള്ള സാധനങ്ങളുടെ വില കരാറുകാരൻ സ്വന്തം ചെലവിൽ വ്യക്തമായി കാണത്തക്കവിധം കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ്. ജീവനക്കാർക്ക് ബാധകമായ സൗജന്യ നിരക്കിലുള്ള ഭക്ഷണ സാധനങ്ങളുടെ വിലവിവര പട്ടിക ഓഫീസിൽ നിന്നും ടെണ്ടറിന്റെ കൂടെ നൽകുന്നതാണ്. പിന്നീട് ഈ നിരക്കിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നതല്ല.

15. സൂപ്രണ്ടിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ കാന്റീൻ കെട്ടിടത്തിലോ പരിസര പ്രദേശത്തോ യാതൊരുവിധ മരാമത്ത് പണികളും നടത്തുവാൻ പാടുള്ളതല്ല.

16. കാന്റീൻ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് വിറകോ പുകയുണ്ടാകുന്ന മറ്റ് ഇന്ധനങ്ങളോ പാചകത്തിന് ഉപയോഗിക്കാൻ പാടില്ല.

17. ആശുപത്രി അച്ചടക്കത്തിന് വിരുദ്ധമായോ സർക്കാർ താൽപര്യങ്ങൾക്ക് വിരുദ്ധമായോ ഉള്ള യാതൊരുവിധ നടപടികളും കരാറുകാരനിൽ നിന്നോ മറ്റ് കാന്റീൻ ജീവനക്കാരിൽ നിന്നോ ഉണ്ടാവാൻ പാടുള്ളതല്ല.

18. ഭക്ഷ്യ വസ്തുക്കളല്ലാത്ത അന്യവസ്തുക്കൾ കാന്റീനിൽ വിൽപ്പന നടത്തുവാൻ പാടുള്ളതല്ല.

19. കാരണം കാണിക്കാതെ തന്നെ ടെണ്ടർ/ലേലം മാറ്റിവെക്കാനും ദുർബലപ്പെടുത്തുവാനുമുള്ള പൂർണ്ണമായ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

20. ടെണ്ടർ ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവുകിട്ടി മൂന്ന് ദിവസത്തിനകം ആറുമാസത്തെ മൊത്തം ലൈസൻസ് ഫീ മുൻകൂറായി അടയ്ക്കേണ്ടതാണ്. ആയതിന് കോഴിക്കോട് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സൂപ്രണ്ടിന്റെ പേരിൽ എടുത്ത് സമർപ്പിക്കേണ്ടതാണ്. തുടർന്ന് എല്ലാ മാസവും കൃത്യമായി അതാത് മാസത്തെ ലേലം/ടെണ്ടർ തുക, കെട്ടിടവാടക, വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ ടെണ്ടർ പ്രാബല്യത്തിൽ വന്ന ഓരോ ദിവസവും പൂർത്തീകരിച്ച മാസത്തിന്റെ നാലാം പ്രവർത്തി ദിവസംതന്നെ ഓഫീസിൽ അടച്ചിരിക്കേണ്ടതാണ്. ഇതിന് വീഴ്ചവരുത്തുന്ന പക്ഷം പ്രസ്തുത തുകയ്ക്ക് പ്രതിമാസം ഒന്നര ശതമാനം വീതം നിരക്കിൽ പിഴ ഈടാക്കുന്നതാണ്. 15 (പതിനഞ്ച്) ദിവസം കഴിഞ്ഞിട്ടും തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടെണ്ടർ/ലേല നിബന്ധനകൾക്ക് വിധേയമായി മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

21. ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവിലെ നിബന്ധനകളും ടെണ്ടർ നോട്ടീസിലെ നിബന്ധനകളും യഥാവിധി പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ആയതിൽ വല്ല വീഴ്ചയും വന്നാൽ സർക്കാരിനുണ്ടാവുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദി യായിരിക്കും.

22. കാന്റീൻ വളരെ വൃത്തിയോടെ നടത്തേണ്ടതും ഭക്ഷണശാല നടത്തിപ്പ് സംബന്ധിച്ച് പൊതുജനാരോഗ്യ വകുപ്പ് അധികൃതർ, കോർപ്പറേഷൻ അധികൃതർ, മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമുള്ള ലൈസൻസ്, നിബന്ധനകൾ എന്നിവ കരാറുകാരൻ സ്വന്തം ചെലവിൽ സംഘടിപ്പിക്കേണ്ടതും പി. എഫ്. എ. ലൈസൻസിന്റെ പകർപ്പ് കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. വകുപ്പുതല അന്വേഷണത്തിലെ വീഴ്ചകൾക്ക് ശിക്ഷണ നടപടികളുണ്ടായാൽ കരാറുകാരൻ മാത്രം ബാദ്ധ്യസ്ഥനായിരിക്കും. അത്തരം അപാകതകൾക്ക് സർക്കാരിനുണ്ടാവുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദി യായിരിക്കും.

23. കാന്റീൻ നടത്തിപ്പ് തുടങ്ങുന്നതിന് മുൻപായി ആയതിന് ബന്ധപ്പെട്ട അധികൃതരിൽ നിന്നും കരാറുകാരന്റെ പേരിൽ വാങ്ങിയ പി. എഫ്. എ. ലൈസൻസ് കരാറുകാരൻ സ്വന്തം നിലയ്ക്ക് സമ്പാദിച്ച് ആശുപത്രി സൂപ്രണ്ടിന് സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതാണ്.

24. കാന്റീൻ ജീവനക്കാർ നിർബന്ധമായും യൂണിഫോം ധരിക്കേണ്ടതാണ്. ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കേണ്ടതും അവർ മെഡിക്കൽ ഫിറ്റ് ആയിരിക്കേണ്ടതുമാണ്.

25. കാന്റീൻ സംബന്ധമായി കാലാകാലങ്ങളിൽ ഉണ്ടായേക്കാവുന്ന എല്ലാ സർക്കാർ ഉത്തരവുകളും ആശുപത്രി വികസന സൊസൈറ്റിയുടെ തീരുമാനങ്ങളും യഥാവിധി പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

26. കാന്റീൻ നടത്തിപ്പ് വഴി ആശുപത്രി അധീനതയിലുള്ള വസ്തുക്കൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിച്ചാൽ ആയതിനുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

27. കാന്റീൻ എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

28. ആശുപത്രി ജീവനക്കാർക്ക് പ്രത്യേകം ഗ്ലാസ്, പ്ലേറ്റ്, വാഷ് ബേസിൻ എന്നിവ കരാറുകാരൻ ഏർപ്പാടാക്കേണ്ടതാണ്.

29. ആശുപത്രി നവീകരണ/വിപുലീകരണത്തിന്റെ ഭാഗമായി ആവശ്യമായി വരുന്നപക്ഷം കാന്റീൻ പ്രവർത്തനം കാലാവധിക്കുള്ളിൽ തന്നെ നിർത്തുന്നതിനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

ഗവ. ജനറൽ ആശുപത്രി, (ഒപ്പ്)
കോഴിക്കോട്. സൂപ്രണ്ട്.

## ദർഘാസ് പരസ്യം

നമ്പർ എ1/4815/2020. 2021 ജനുവരി 25.

കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ക്ലിനിക്ക് നടത്തുന്നതിലേക്കാവശ്യമായി യാത്ര ചെയ്യുന്നതിന് ഏഴു പേർക്ക് യാത്ര ചെയ്യാനുള്ള ഒരു വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—2-3-2021, 11 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—3-3-2021, 12.30 മണി.

ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ മേൽവിലാസം—സൂപ്രണ്ട്, ഗവ. മാനസിക ആരോഗ്യ കേന്ദ്രം, കോഴിക്കോട്.

## നിബന്ധനകൾ

- കോഴിക്കോട് ജില്ലാ മാനസികാരോഗ്യ കേന്ദ്രത്തിലെ DMHP ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാമിലേക്ക് 7 സീറ്റർ വാഹനം എസി ഉള്ളതായിരിക്കണം.
- ഒരു മാസം പരമാവധി 2000 കിലോമീറ്ററോളം ദൂരം സഞ്ചരിക്കേണ്ടതായി വരും.
- വാഹനത്തിന്റെ ഇന്ധന ചിലവ്, ഡ്രൈവറുടെ കൂലി, അറ്റകുറ്റപണികൾ എന്നിവ വാഹന ഉടമ തന്നെ നടത്തണം.
- വാഹനത്തിന്റെ ഡ്രൈവർക്ക് ബാഡ്ജ്, ഹെവി ലൈസൻസ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

1. ടെണ്ടർ ഫോമിന്റെ വില—₹ 400.

2. ടെണ്ടർ തുകയുടെ 1% അഥവാ ₹ 1,500 ഏതാണോ കൂടുതൽ അത് ഇഎംഡി ആയി സൂപ്രണ്ട്, സർക്കാർ മാനസികാരോഗ്യകേന്ദ്രം, കുതിരവട്ടം, കോഴിക്കോട് എന്ന വിലാസത്തിൽ ഡിഡി എടുക്കേണ്ടതും ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപൂർണ്ണമായതും നിശ്ചിത പരിധിക്കുള്ളിൽ ലഭിക്കാത്തതുമായ ടെണ്ടർ പരിഗണിക്കുന്നതുമല്ല. വാഹനം ഏതെങ്കിലും സാഹചര്യത്തിൽ ലഭ്യമാക്കാൻ സാധിക്കാതെ വന്നാൽ ടെണ്ടറുകാരുടെ ഉത്തരവാദിത്വത്തിൽ പകരം വാഹനം ലഭ്യമാക്കി തരേണ്ടതാണ്.

3. ടെണ്ടർ ലഭിക്കുന്ന മുറക്ക് ₹ 200-ന്റെ മുദ്രപത്രത്തിൽ കരാർ നൽകേണ്ടതും ഗവ. മാനസികാരോഗ്യകേന്ദ്രം സൂപ്രണ്ടിന്റെ നിർദേശങ്ങൾ കൃത്യമായി അനുസരിക്കേണ്ടതുമാണ്. ടെണ്ടർ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനോ മാറ്റിവെക്കുന്നതിനോ ഉള്ള അധികാരം ഗവ. മാനസികാരോഗ്യകേന്ദ്രം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

4. ഇത് സംബന്ധിച്ച കൂടുതൽ നിബന്ധനകളും വിവരങ്ങളും ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ നേരിൽ അറിയാവുന്നതാണ്.

ഗവൺമെന്റ് മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട്. (ഒപ്പ്) സൂപ്രണ്ട്.